LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ ഐയ്യംപുഴ വില്ലേജിൽ കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനുവേണ്ടി 250 ഏക്കർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള ഒരു നിർദ്ദേശം പരിഗണനയിലാണ്.

വ്യവസായ പദ്ധതികളിലെ പുരോഗതി

232 (577) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്തെ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച വ്യവസായ പദ്ധതികളിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കഴിഞ്ഞ നാലുവർഷത്തെ ബഡ്ജറ്റുകളിൽ വ്യവസായ വകുപ്പിനുകീഴിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഓരോ വർഷവും നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിലൂടെ ലക്ഷ്യമിട്ട നേട്ടങ്ങളെന്തെന്നും പദ്ധതി പ്രാവർത്തികമാകാത്തതിന്റെ ഫലമായുണ്ടായ നഷ്ടങ്ങൾ എന്തെന്നും കണക്കാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിഞ്ഞ നാലുവർഷത്തെ ബഡ്ജറ്റുകൾ പ്രഖ്യാപിച്ചവയിൽ വ്യവസായ വകുപ്പിനുകീഴിൽ വരുന്ന പദ്ധതികളിൽ നടപ്പിലാക്കിയിട്ടില്ലാത്ത പ്രധാനപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേരളത്തിൽ ചെറുകിട-ഇടത്തര-വൻകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്തെ നിക്ഷേപ സൗഹൃദപരമാക്കുക, കേരളത്തിന്റെ നിക്ഷേപ സാദ്ധ്യതകൾ പുറംലോകത്തിനുമുന്നിൽ കാട്ടിക്കൊടുക്കുക,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നവസംരംഭകരെ പ്രോൽസാഹിപ്പിക്കുക, വിദ്യാർത്ഥികളിലും, യുവാക്കളിലും സംരംഭകത്വ ആശയം പ്രോത്സാഹിപ്പിക്കുകയും അവർക്ക് വ്യവസായ മേഖലയിലേക്ക് കടന്നുവരാനുള്ള പശ്ചാത്തലമൊരുക്കുകയും ചെയ്യുക, നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ട്/പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യം വികസിപ്പിക്കുക, വ്യവസായ മേഖലയിൽ അടിസ്ഥാന പശ്ചാത്തല സൗകര്യമൊരുക്കുക, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കൈത്തറി പരമ്പരാഗത മേഖലയിലെ ഉത്പാദനക്ഷമത വർദ്ധിപ്പിച്ച് ഉൽപ്പന്നങ്ങളുടെ വിപണന സാദ്ധ്യത വർദ്ധിപ്പിക്കുക, ആഗോള തലത്തിലുണ്ടായിട്ടുള്ള വ്യവസായ മാന്ദ്യവും, അനാരോഗ്യകരമായ ഇറക്കുമതിയും വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും വർദ്ധിച്ച ഉത്പാദനചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ പൊതുമേഖലാസ്ഥാപനങ്ങളിൽ മികവുറ്റ ഉത്പാദനസംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെ ആവശ്യമായ ധനസഹായവും നൽകി സ്ഥാപനങ്ങളുടെ പുരോഗതി നേടിയെടുക്കുക, ഹരിതവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക വഴി വ്യവസായ മലിനീകരണം നിയന്ത്രിക്കുക എന്നിവയാണ് സർക്കാർ വിവിധ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

നിലവിലുണ്ടായിരുന്ന സാമ്പത്തിക പ്രതിസന്ധി കാരണവും ചില സാങ്കേതിക കാരണങ്ങളാലും സർക്കാർ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു :

- സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി എമർജിംഗ് കേരള 2012 സംഘടിപ്പിച്ചു.

- യുവമനസ്സുകളിൽ സംരംഭക സ്വഭാവ രൂപീകരണം നടത്തുന്നതിന് ഉദ്ദേശിച്ച് കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ യുവസംരംഭകത്വ ഉച്ചകോടി സംഘടിപ്പിക്കുകയുണ്ടായി.

- ആയുർവ്വേദ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി 2014 ഫെബ്രുവരി 20 മുതൽ 24 വരെ കൊച്ചിയിൽ ഗ്ലോബൽ ആയുർവ്വേദ ഫെസ്റ്റിവൽ നടത്തുകയുണ്ടായി.

- കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്ക്, ലൈറ്റ് എഞ്ചിനീയറിംഗ് പാർക്ക്, നാളികേര പാർക്ക്, പെട്രോകെമിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

പാർക്ക്, ഓർഗാനിക് ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങിയ പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

- കൈത്തറി മേഖലയിൽ പുതിയ നെയ്ത്തുകാർക്ക് പരിശീലനം നൽകുന്നതിനും നെയ്ത്തുകാർക്ക് നൈപുണ്യം വർദ്ധിപ്പിച്ച് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ വിപണി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

- കിൻഫ്രയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഫിലിം & വീഡിയോ പാർക്ക്, പാലക്കാട് ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക്, കിൻഫ്ര വ്യവസായ പാർക്കുകളിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണം, ഇടുക്കി ജില്ലയിലെ രാജകുമാരിയിൽ റൂറൽ അപ്പാരൽ പാർക്ക്, പിറവത്തൂർ കിൻഫ്ര വ്യവസായ പാർക്ക്, കണ്ണൂർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി എന്നിവയുടെ നിർമ്മാണം പൂർത്തിയായി.

- കശുവണ്ടി മേഖലയിൽ കശുവണ്ടി പരിപ്പിൽനിന്നും കൂടുതൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനം ഈ സർക്കാരിന്റെ കാലത്ത് ആരംഭിക്കുകയും ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

- നിലവിലുള്ള ഡെവലപ്പ്മെന്റ് പ്ലോട്ട്/പ്രദേശങ്ങളിലെ പശ്ചാത്തല സൗകര്യം വികസിപ്പിച്ചു.

- നിലവിലുള്ള പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ (പ്രാവർത്തിക വ്യവസായ എസ്റ്റേറ്റുകൾ) നവീകരിച്ചു.

- വാണിജ്യ വികസനത്തിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു.

- കരകൗശല മേഖലയിലുൾപ്പെട്ട വ്യവസായങ്ങൾക്ക് സാമ്പത്തിക സഹായം നൽകി.

സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാകാത്തതുകാരണം ഗണ്യമായ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly